പത്രക്കുറിപ്പ്
21-4-2018

## ഹൗസ് കീപ്പിങ്ങ് മുതൽ മൊബൈൽ സർവീസ് വരെ: നഗരവാസികൾക്ക് വിദഗ്ധ തൊഴിലാളികളുടെ സേവനം ഉറപ്പാക്കി

# കുടുംബശ്രീയുടെ അർബൻ സർവീസ് ടീം

തിരുവനന്തപുരം: നഗരമേഖലയിൽ താമസിക്കുന്നവരുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വിദഗ്ധ തൊഴിലാളികളുടെ സേവനം ഉറപ്പാക്കുന്ന കുടുംബശ്രീയുടെ അർബൻ സർവീസ് ടീം ജില്ലയിൽ പ്രവർത്തനം ആരംഭിച്ചു. കുടുംബശ്രീ മുഖേന സംസ്ഥാനത്തെ നഗരമേഖലയിൽ നടപ്പാക്കുന്ന ദേശീയ നഗര ഉപജീവന ദൗത്യം(എൻ.യു.എൽ.എം) പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലാമിഷന്റെ നേതൃത്വത്തിലാണ് അർബൻ സർവീസ് ടീം രൂപീകരിച്ചിട്ടുള്ളത്. ജില്ലയിലെ മുട്ടടയിൽ എൻ.യു.എൽ.എമ്മിന്റെ കീഴിലുള്ള നഗര ഉപജീവന കേന്ദ്രത്തിലാണ് ഇതിന്റെ പ്രവർത്തനം.

ഹൗസ് കീപ്പിങ്ങ്, മെയ്സൺ, പ്ളംമ്പിങ്ങ്, ഇലക്ട്രീഷ്യൻ, ടൈൽസ് വർക്കർ, ഗാർഡനിങ്ങ്, എ.സി.മെക്കാനിക്ക്, മൊബൈൽ സർവീസിങ്ങ്, ബേബി സിറ്റിങ്ങ്, സി.സി.ടി.വി, ബ്യൂട്ടീഷൻ തുടങ്ങി നഗരമേഖലയിൽ താമസിക്കുന്നവരുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റാനുള്ള മികച്ച സംവിധാനമാണ് അർബൻ സർവീസ് ടീം. മുപ്പതു പേരാണ് ടീമിലുള്ളത്. ഇവർക്കെല്ലാം തിരിച്ചറിയൽ കാർഡും യൂണിഫോമും നൽകിയിട്ടുണ്ട്. തിരക്കേറിയ നഗരജീവിതത്തിൽ ഇതു പോലുള്ള ജോലികൾക്ക് വിദഗ്ധരും വിശ്വസ്തരുമായ തൊഴിലാളികളെ ലഭ്യമാക്കുന്നതിന് നിലവിലുള്ള ബുദ്ധിമുട്ടു പരിഹരിക്കുന്നതിനായാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ പുതിയ സംരംഭത്തിന്റെ തുടക്കം. **7012389423** എന്ന നമ്പറിൽ വിളിച്ചാൽ ഇവരുടെ സേവനം ലഭ്യമാകും.

പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ എൻ.യു.എൽ.എം പദ്ധതിയിൽ ഉൾപ്പെടുത്തി 140 ഓളം പേർക്ക് നൈപുണ്യ പരിശീലനം നൽകിയിരുന്നു. ഇവരിൽ നിന്നും മുപ്പതു പേരെ ഉൾപ്പെടുത്തിയാണ് ഇപ്പോൾ അർബൻ സർവീസ് ടീം രൂപീകരിച്ചിട്ടുള്ളത്. നഗരവാസികളുടെ വർധിച്ചു വരുന്ന ആവശ്യങ്ങൾ പരിഗണിച്ച് ഓരോ വിഭാഗത്തിലും അഞ്ചു മുതൽ പത്തുവരെ അംഗങ്ങളുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**